(സി) പൊതുവിപണിയിൽ നിന്നും ഇതിനായി എത്ര കോടി രൂപ കണ്ടെത്തുകയുണ്ടായി; ലക്ഷ്യം എന്തായിരുന്നു; കേരള അടിസ്ഥാന സൗകര്യ വികസന ഫണ്ട് ബോർഡിന് മൂലധനമായി ഇതിനകം എത്ര തുക സർക്കാർ നല്കുകയുണ്ടായി;

(ഡി) ബോർഡിൽ നിന്ന് ഓരോ പദ്ധതിക്കും വേണ്ടി ഇതിനകം പിൻവലിച്ച തുക എത്ര?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) പ്രധാന പശ്ചാത്തല വികസന പദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം 2000 കോടി രൂപ വകയിരുത്തിയിരുന്നതിൽ നാളിതുവരെ 769.53 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 456.05 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുമുണ്ട്. ഇതിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കായി 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കൊച്ചി മെട്രോയ്ക്ക് 219.06 കോടി രൂപയും കൊല്ലം-ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണത്തിന് 70 കോടി രൂപയും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഷെയർ വാങ്ങിയ ഇനത്തിൽ 142 കോടി രൂപയും കണ്ണൂർ ഇന്റർനാഷണൽ എയർ പോർട്ടിന് വേണ്ടി 59.81 കോടി രൂപയും ഇതുകൂടാതെ തലസ്ഥാന നഗര വികസന പദ്ധതിക്ക് 7.52 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ നാഷണൽ ഗെയിംസിന്റെ വിവിധ പദ്ധതികൾക്ക് 120.47 കോടി രൂപയും അനുവദിച്ചു.

(ബി) പ്രധാന പശ്ചാത്തല വികസന പദ്ധതികൾക്കായി നടപ്പുവർഷം മൊത്തം വകയിരുത്തിയിട്ടുള്ള 2000 കോടി രൂപയിൽനിന്നും 769.53 കോടി രൂപ അനുവദിച്ചതിൽ 456.05 കോടി രൂപ ഡിസംബർ 31 വരെ ചെലവഴിച്ചിട്ടുണ്ട്. അതായത് മൊത്തം തുകയുടെ 22.8 ശതമാനം ചെലവഴിച്ചു.

(സി) തന്നാണ്ടിലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള പ്രധാന പശ്ചാത്തല വികസന പദ്ധതികൾക്കായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖേന പൊതു വിപണിയിൽനിന്നും ഇതുവരെ തുകയൊന്നും സ്വരൂപിച്ചിട്ടില്ല. 2015-16 ബഡ്ജറ്റിൽ "5475-00-800-92 (പ്ലാൻ)-മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ" എന്ന ശീർഷകത്തിൽ 2000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഘടനയും പ്രവർത്തനവും പരിഷ്കരിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ടി യുക കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖേന ചെലവഴിക്കേണ്ട സാഹചര്യം ആയിട്ടില്ലാത്തതിനാൽ പ്രസ്തുത യുക സംസ്ഥാന ത്തിന്റെ മുഖ്യ അടിസ്ഥാന വികസന പദ്ധതികളുടെ സർക്കാർ വിഹിതമായി ആവശ്യാനുസരണം വിനിയോഗിച്ചുവരുന്നു.

(ഡി) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ നിന്നാ ടി പദ്ധതികൾക്കായി ഇതിനകം യുകയൊന്നും പിൻവലിച്ചിട്ടില്ല.

ക്രൈം റിക്കാർഡ്സ് ബ്യൂറോ

4 (*304) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ പ്രവർത്തന ത്തിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ഉണ്ട്. എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളെയും കുറ്റവാളികളെയും പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുക, സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെയും കുറ്റവാളികളുടെയും സ്ഥിതിവിവരക്കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനും എക്സൈസ് വകുപ്പിൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ സുഗമവും ഫലപ്രദവുമായ പ്രവർത്തനത്തിനുവേണ്ടിയുമായി ഒരു വെബ് ബേസ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ നിർമ്മിക്കുക, പ്രതിമാസ എൻഫോഴ്സ്മെന്റ് വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുക, ക്രൈം രജിസ്ട്രേഷൻ, അന്വേഷണം, അന്തിമ റിപ്പോർട്ട് എന്നിവയുമായി ബന്ധപ്പെട്ട സർക്കുലറുകൾ സൂക്ഷിക്കുക, അബ്കാരി/ എൻ.ഡി.പി.എസ്. കേസുകളുടെയും കുറ്റവാളികളുടേയും വിവരങ്ങളുടെ സംശയ നിവാരണ കേന്ദ്രമായി പ്രവർത്തിക്കുക, കീഴ്ഓഫീസുകൾ സന്ദർശിച്ച് പെന്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly

കേസ്സുകളുടെ അന്വേഷണ നടപടികൾ, ചാർജ് ഷീറ്റിംഗ് തുടങ്ങിയവ പരിശോധിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക തുടങ്ങിയ കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

(ബി) എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന അബ്കാരി, എൻ.ഡി.പി.എസ്. കേസ്സുകളെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഉടനടി ലഭ്യമാക്കുക, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, കേസ്സുകളുടെ അന്വേഷണത്തെ സഹായിക്കുക, കേസ്സുകളുടെ തത്സ്ഥിതി അറിയിക്കുക, മേജർ കേസ്സുകളുടെ വിവരം, സ്ഥിരം കുറ്റവാളികളുടെ വിവരം, പിടിച്ചെടുത്ത തൊണ്ടിസാധനങ്ങളുടെ വിവരം തുടങ്ങിയ വിവരങ്ങൾ ഉടനടി ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ടി ലക്ഷ്യങ്ങൾ നേടുന്നതിനായി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ വിവരങ്ങളും സ്ഥിരം കുറ്റവാളികളുടെ വിവരങ്ങളും ശേഖരിച്ചുകൊണ്ടും കേസ്സുകളുടെ അന്വേഷണങ്ങളിലും മറ്റും ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി ആവശ്യമായ വിവരങ്ങൾ നൽകിക്കൊണ്ടും കേസ്സുകളുടെ രജിസ്ട്രേഷൻ, കേസ്സ് അന്വേഷണം, അന്തിമ റിപ്പോർട്ട് എന്നിവ സംബന്ധിച്ചുള്ള സർക്കുലറുകൾ സൂക്ഷിച്ചുകൊണ്ടും പ്രതിമാസ എൻഫോഴ്സ്മെന്റ് വിവരങ്ങൾ ശേഖരിച്ചുകൊണ്ടും കീഴ് ഓഫീസുകൾ സന്ദർശിച്ച് പെന്റിംഗ് കേസ്സുകളുടെ അന്വേഷണ നടപടികൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോ പ്രവർത്തിച്ചുവരുന്നു.

(സി) എക്സൈസ് വകുപ്പ് കണ്ടുപിടിച്ച കുറ്റകൃത്യങ്ങളുടെ സ്ഥിതിവിവരക്കണക്ക് സൂക്ഷിക്കുന്നതിനും ഉടനടി ലഭ്യമാക്കുന്നതിനുമായി കേസ്സുകളുടെ വിവരം കീഴ് ഓഫീസുകളിൽനിന്നും ശേഖരിച്ച് സൂക്ഷിച്ചുവരുന്നു. കേസ്സന്വേഷണം സംബന്ധിച്ച് ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനുവേണ്ടി കേസ്സുകളുടെ രജിസ്ട്രേഷൻ, കേസ്സ് അന്വേഷണം, അന്തിമറിപ്പോർട്ട് എന്നിവ സംബന്ധിച്ചുള്ള സർക്കുലറുകൾ സൂക്ഷിച്ചു വരുന്നു. പ്രതിമാസ എൻഫോഴ്സ്മെന്റ് വിവരങ്ങൾ, പോലീസ് വകുപ്പിൽനിന്നും ലഭിക്കുന്ന അബ്കാരി/എൻ.ഡി.പി.എസ്. കേസ്സുകളുടെ മാസാവലോകന സ്റ്റേറ്റുമെന്റ് എന്നിവയും ശേഖരിച്ച് സൂക്ഷിച്ചുവരുന്നു. കീഴ് ഓഫീസുകൾ സന്ദർശിച്ച് പെൻഡിംഗ് കേസ്സുകളുടെ അന്വേഷണം, അന്വേഷണ നടപടിക്രമങ്ങൾ എന്നിവ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ സുഗമവും ഫലപ്രദവുമായ പ്രവർത്തനത്തിന് നാഷണൽ ഇൻഫൊർമാറ്റിക് സെന്ററിന്റെ സഹായത്തോടുകൂടി ഒരു വെബ് ബേസ്ഡ് ക്രൈം മാനേജ്മെന്റ് ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

1437/2018.

LIBRARY ARCHIVES Kerala Legislative Assembly